# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.7644 — 15-07-2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

### സ്കൂൾ-കോളേജ് വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:<br>" ടി. എൻ. പ്രതാപൻ:<br>" കെ. ശിവദാസൻ നായർ:<br>" ഷാഫി പറമ്പിൽ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം ലഹരിവിരുദ്ധ പ്രവർത്തനങ്ങളാണ് ഊർജ്ജസ്വലമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതു സമൂഹത്തെ ബോധവൽക്കരിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ ലഹരി വിരുദ്ധ സെമിനാർ, ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്, സ്റ്റാളുകൾ, ഘോഷയാത്ര, കൂട്ടഓട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി ബോധവൽക്കരണം എന്നിവ സംഘടിപ്പിക്കുവാനും ആദിവാസി - പിന്നോക്ക മേഖലകളിൽ പ്രത്യേക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാനും, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. മുഖേന ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ സംപ്രേക്ഷണം ചെയ്യുക, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം എന്നീ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. അതോടൊപ്പം സംസ്ഥാന തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിലേയ്ക്കായി 150 എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ് നൽകുന്നുണ്ട്. സ്കൂളുകളിൽ ഇതിനകം 1100 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതേ മാതൃകയിൽ കോളേജ് തലങ്ങളിലും ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഇക്കാലത്ത് എത്ര കോടിരൂപ അനുവദിക്കുകയുണ്ടായിയെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | 2011-12 സാമ്പത്തിക വർഷത്തെ മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള "2039-00-001-95 മദ്യാസക്തിക്കെതിരെ പ്രചാരണം" എന്ന ശീർഷകത്തിൽ അനുവദിച്ച 1 കോടി 20 ലക്ഷം രൂപയിൽ 1,19,27,247/- രൂപ ചെലവഴിച്ചു. 2012-13 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 90 ലക്ഷം രൂപയിൽ 89,41,085/- രൂപയും, 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 75,20,000/- രൂപയിൽ 73,38,852/- രൂപയും ചെലവഴിച്ചു. 2014-15 സാമ്പത്തിക വർഷം 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഡീ-അഡിക്ഷൻ സെന്ററുകൾക്ക് കെ.എസ്.ബി.സി. അനുവദിച്ച 3.5 കോടി രൂപയിൽ 1,00,35,840/- രൂപ 11 സ്ഥാപനങ്ങൾക്കായി അനുവദിച്ചതിൽ 40,14,336/-രൂപ ആദ്യതവണയായി സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ സ്കൂൾ-കോളേജ് വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധ അവബോധമുണ്ടാക്കാൻ ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടേയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളേയും യുവാക്കളേയും പൊതുജനങ്ങളേയും ബോധവാന്മാരാക്കാൻ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 1100 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 120 ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സ്കൂൾ കരിക്കുലം കമ്മിറ്റിയിൽ തീരുമാനമായിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണത്തിനായി അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള 'അതിജീവനം' എന്ന പേരിൽ കൈപ്പുസ്തകം അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം സംഘടനകളെ പ്രയോജനപ്പെടുത്തി ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുകയുണ്ടായെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ഡി) | ലഹരി വിരുദ്ധ ബോധവൽക്കരണ പ്രചാരണങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയുടെ സഹകരണം പ്രയോജനപ്പെടുത്തുന്നുണ്ട്. |

(ഇ) എന്തെല്ലാം നിയമനിർമ്മാണങ്ങളാണ് ഇതിനുവേണ്ടി നടത്തിയതെന്ന് വിശദമാക്കുമോ?

(ഇ) മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കും ഇവയുടെ ഉപഭോഗം കുറയ്ക്കുന്നതിനുമായി ചുവടെ ചേർക്കുന്ന നിയമ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

1. ജി.ഒ.(എം.എസ്) നമ്പർ 115/2011/നി.വ. തീയതി 29/08/2011 ഉത്തരവ് പ്രകാരം, സ്കൂൾ തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരിക്കുന്നതിലേയ്ക്കുള്ള മാർഗ്ഗ നിർദ്ദേശം അംഗീകരിച്ച് ഉത്തരവായി.
2. ജി.ഒ.(എം.എസ്) നമ്പർ 157/2011/നി.വ. തീയതി 02/11/2011 ഉത്തരവ് പ്രകാരം, ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ബോധവൽക്കരണ വിഭാഗം രൂപീകരിച്ചു.
3. ജി.ഒ.(പി) നമ്പർ 17/2012/നി.വ. തീയതി 14/02/2012 ഉത്തരവ് പ്രകാരം, ഒരു വ്യക്തിക്ക് സൂക്ഷിക്കാവുന്ന മദ്യത്തിന്റെ അളവിൽ കുറവ് വരുത്തിക്കൊണ്ട് ചട്ടഭേദഗതി നടത്തി.
4. ജി.ഒ.(പി) നമ്പർ 72/2012/നി.വ. തീയതി 18/04/2012 ഉത്തരവ് പ്രകാരം, ബാറുകളുടെ സമയ ക്രമീകരണത്തിൽ മാറ്റം വരുത്തിക്കൊണ്ട് ചട്ടഭേദഗതി നടത്തി.
5. ജി.ഒ.(എം.എസ്) നമ്പർ 147/2013/നി.വ. തീയതി 23/08/2013 ഉത്തരവ് പ്രകാരം, ഡി-അഡിക്ഷൻ സെന്ററുകൾക്ക് ധനസഹായം നൽകുന്ന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായി.
6. ജി.ഒ.(എം.എസ്) നമ്പർ 205/2013/നി.വ. തീയതി 09/12/2013 ഉത്തരവ് പ്രകാരം, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരിക്കുന്നതിനായി തീരുമാനിച്ചു.
7. നം.5211/Leg.A2/2013/Law തീയതി 13/02/2014 ഉത്തരവ് പ്രകാരം, മദ്യം വാങ്ങുന്നതിനുള്ള പ്രായം 18-ൽ നിന്നും 21 വയസ്സാക്കി ചട്ടഭേദഗതി നടത്തി.
8. സ.ഉ. (സാധാ) നം.498/2014/നി.വ. തീയതി 27-06-2014 ഉത്തരവ് പ്രകാരം ജൂൺ 26 അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണം ഡ്രൈ ഡേ ആയി പ്രഖ്യാപിച്ചു.

സെക്ഷൻ ആഫീസർ